# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5572** **24/05/2017-ൽ മറുപടിക്ക്**

**വകുപ്പുതല പരീക്ഷയ്ക്കുള്ള പുസ്തകങ്ങളുടെ ലഭ്യതക്കുറവ്**

**ചോദ്യം**

ശ്രീ.പി.ടി.തോമസ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളുടെ ഔദ്യോഗികാവശ്യങ്ങൾക്കും, ജീവനക്കാർക്ക് വകുപ്പുതല പരീക്ഷകൾ എഴുതുന്നതിനും ആവശ്യമായ വിവിധ കോഡുകൾ,മാന്വലുകൾ,റൂൾസ് എന്നിവയുടെ പുസ്തകങ്ങൾ ആവശ്യത്തിന് ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | വകുപ്പുതല പരീക്ഷകൾക്ക് പുസ്തകം ഉപയോഗിക്കാവുന്ന പരീക്ഷകളിൽ സർക്കാർ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ മാത്രമാണ് സാധാരണയായി റഫറൻസിനായി അനുവദിക്കുന്നത്.എന്നാൽ ചില വകുപ്പുതല പരീക്ഷകൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന പുസ്തകങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ട്.ഈ സാഹചര്യത്തിൽ ചില സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ വിശദമായ പരിശോധനയ്ക്ക് ശേഷം കമ്മീഷന്റെ ശിപാർശയോടെ ഉപയോഗിക്കാം എന്ന് സർക്കാരുത്തരവുണ്ട്.<br>എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങളും അതതു വകുപ്പുകൾ മുഖാന്തിരം പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | സ്വകാര്യ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പ്രസ്തുത പുസ്തകങ്ങൾ പി.എസ്.സി.പരീക്ഷാഹാളിൽ ഉപയോഗിക്കാൻ അനുവദിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത പുസ്തകങ്ങൾ സർക്കാർ തന്നെ ആവശ്യത്തിന് പ്രസിദ്ധീകരിച്ച് വില ഈടാക്കി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**